**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 615** **28-06-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് സമാശ്വാസ പദ്ധതിയിൽ ലോൺ നല്കാത്തത് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ പ്രഖ്യാപിച്ച കോവിഡ് സമാശ്വാസ പദ്ധതി പ്രകാരം അർഹതപ്പെട്ട പലർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ചാലക്കുടിയിൽ മാഞ്ഞൂരാൻ ക്ലേ ഫാക്ടറി നടത്തുന്ന പോൾ മാഞ്ഞൂരാന് സി എസ് പി പദ്ധതി പ്രകാരം 1.66 കോടി രൂപ ലഭിക്കാൻ അർഹത ഉണ്ട് എന്ന് അറിയിച്ചതിനു ശേഷം സിബിൽ സ്കോർ പ്രശ്നം പറഞ്ഞു നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള ലോണുകൾ 31.03.2021-നു മുൻപ് സ്റ്റാൻഡേർഡ് കാറ്റഗറിയിൽ ആകണമെന്നുള്ള മാനദണ്ഡം സി.എസ്.പി ലോണുകൾക്കുണ്ട്. എന്നാൽ ശ്രീ.പോൾ മാഞ്ഞൂരാൻ തനിക്ക് ലോണുകൾ ഒന്നുമില്ലെന്ന് ലോൺ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷനെ തെറ്റിദ്ധരിപ്പിക്കുകയുണ്ടായി. എന്നാൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിശോധനയിൽ അദ്ദേഹത്തിന് നിലവിൽ Rs.574.15 Lakh ലോൺ ഔട്ട്സ്റ്റാൻഡിങ്ങ് ഉള്ളതായും അതിൽ Rs.170.44 Lakh ഓവർഡ്യൂ ആയും കാണപ്പെട്ടു. മാത്രമല്ല അദ്ദേഹത്തിനെതിരെ ലോൺ അടവിൽ വീഴ്ച്ച വരുത്തിയതുമായി ബന്ധപ്പെട്ട് കോടതി നടപടികൾ നിലനിൽക്കുന്നതായി രേഖകൾ പരിശോധിച്ചപ്പോൾ മനസിലായതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. പോൾ മാഞ്ഞൂരാന് സി.എസ്.പി സ്കീമിൽ വായ്പ നിരസിക്കപ്പെട്ടത്. സിബിൽ സ്കോറിന്റെ മാനദണ്ഡത്തിൽ അല്ല ഇദ്ദേഹത്തിന്റെ അപേക്ഷ നിരസിച്ചത്. |
| (സി) | സിബിൽ സ്കോർ ബാധകമാക്കാതെ ഇത്തരം സംരംഭകരെ സഹായിക്കാൻ പ്രഖ്യാപിച്ച പദ്ധതി അർഹതപ്പെട്ടവർക്ക് നൽകാത്തത് പരിശോധിക്കാൻ പ്രത്യേക സംവിധാനം ഒരുക്കുമോ; | (സി) | സ്കീമിൽ അർഹരായ എല്ലാവർക്കും ലോൺ നൽകിയിട്ടുണ്ട്. സ്കീമിന്റെ കാലാവധി 31.03.2022 വരെയായിരുന്നു. G.O.(Rt)No.135/2022/ID dated 16.02.2022 പ്രകാരം 31.03.2022 വരെ ലഭിച്ച എല്ലാ അപേക്ഷകളും പരിശോധിച്ച് അർഹതപ്പെട്ടവർക്കു ലോൺ ലഭ്യമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇത് സംബന്ധിച്ച് നൽകുന്ന പരാതികൾ അടിയന്തിരമായി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | സി.എസ്.പി വായ്പകൾ സ്കീമിന്റെ മാനദണ്ഡങ്ങൾ പാലിച്ചാണ് നൽകുന്നത്. സ്കീമിന്റെ മാനദണ്ഡങ്ങൾ പാലിച്ചുള്ള എല്ലാ അപേക്ഷകർക്കും ലോൺ ലഭ്യമാക്കിയിട്ടുണ്ട് സ്കീം കാലാവധി 31.03.2022 -ൽ അവസാനിച്ചു. ഇതു വരെ വേറെ പരാതികൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | പോൾ മാഞ്ഞൂരാന്റെ പരാതികളുടെയും കെ എസ് ഐ ഡി സി യുടെ മറുപടിയും പ്രോസസ്സിംഗ് ഫീ അടച്ചതിന്റെ വിശദാംശവും ലഭ്യമാക്കുമോ? | (ഇ) | സി.എസ്.പി ലോണുകൾക്ക് പ്രോസസ്സിംഗ് ഫീ ഇല്ല. KSIDC പ്രോസസ്സിംഗ് ഫീ ഇനത്തിൽ പരാതിക്കാരനിൽ നിന്നും യാതൊരു തുകയും ഈടാക്കിയിട്ടില്ല. പരാതിയുടെ പകർപ്പ് അനുബന്ധം-1 ആയും മറുപടി അനുബന്ധം-2 ആയും ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

Annexure I

ബഹുമാനപ്പെട്ട വ്യവസായ മന്ത്രിക്ക് തൃശൂർ ജില്ലയിലെ ചാലക്കുടിയിൽ പ്രവർത്തിക്കുന്ന മാഞ്ഞൂരാൻ ടൈൽസ് ഫാക്ടറി ഉടമ പോൾ മാഞ്ഞൂരാൻ നൽകുന്ന അപേക്ഷ .

സർ ,

ഞാൻ എറണാകുളം ജില്ലയിലെ KSIDCയിൽ കോവിഡ് സമാശ്വാസ പദ്ധതി എന്ന സ്കീമിലേക്ക് കഴിഞ്ഞ മാർച്ച് മാസം ആദ്യ ആഴ്ചയിൽ 2 കോടി രൂപയുടെ ലോണിന് എന്റെ വീടും സ്ഥലവും ഉൾപ്പെട്ട 4 കോടി രൂപയോളം മാർക്കറ്റ് വിലയുള്ള സ്ഥലം പണയപ്പെടുത്തി ലോണിന് അപേക്ഷിച്ചിരുന്നു .ഈ ലോണിന് അപേക്ഷിക്കുന്നതിനു മുൻപ് ഞാൻ തിരുവനന്തപുരത്തെ ഓഫീസിൽ വിളിച്ച ലോണിന്റെ നടപടി ക്രമങ്ങളെപ്പറ്റി അന്വേഷിച്ചിരുന്നു .അപ്പോൾ സിബിൽ സ്കോർ ഈ ലോണിന് തടസ്സമല്ല എന്ന് പറഞ്ഞിരുന്നു .അതുപ്രകാരം ഞാൻ ഈടു വെക്കാൻ കൊടുക്കുന്ന വസ്തുവിനു ബാധ്യത വല്ലതും ഉണ്ടോ എന്ന് ഓഫീസിൽ നിന്ന് ചോദിക്കുകയും ഇല്ല എന്ന് പറയുകയും ചെയ്തു .പിന്നീട് ഈ വസ്തുവിന്റെ ലീഗൽ ഫീസും വാല്യുവേഷൻ ചാർജും അടപ്പിക്കുകയും ചെയ്തു .അതിനു ശേഷം 1 കോടി 65 ലക്ഷം രൂപ എനിക്ക് അനുവദിക്കാമെന്ന് പറയുകയും പിന്നീട് സിബിൽ സ്കോർ ഇല്ല എന്ന് പറഞ്ഞ് ഈ ലോൺ നിരസിക്കുകയുമാണ് ചെയ്തത് .ഈ ലോൺ എനിക്ക് ലഭിച്ചിട്ടില്ലെങ്കിൽ ഞാനും എന്റെ 42ഓളം തൊഴിലാളികളും വളരെ ബുദ്ധിമുട്ടിലാവും .ഈ ടൈൽ ഫാക്ടറി ഞാൻ 1990ൽ തുടങ്ങിയതാണ് .തിരുവനന്തപുരം വിളപ്പിൽശാലയിൽ സ്ഥിചെയുന്ന ഇ.എം.എസ് അക്കാദമി നിർമ്മിച്ചത് ഞങ്ങളുടെ ടൈൽസ് ഉപയോഗിച്ചാണ് .കോവിഡ് മഹാമാരി വരുന്നവരെ ഞാനും എന്റെ 42 തൊഴിലാളികൾക്കും ജീവിതമാർഗമായത് ഈ ഫാക്ടറിയാണ് .കാലവർഷം തുടങ്ങുന്നതിനു മുൻപ് കളിമണ്ണ് സ്റ്റോക്ക് ചെയ്താൽ മാത്രമേ മഴക്കാലത്ത് ഈ ഫാക്ടറി പ്രവർത്തിപ്പിക്കാൻ പറ്റുകയുള്ളൂ.ആയതിനാൽ ബഹുമാനപെട്ട അങ്ങ് എന്റെ ലോൺ അനുവദിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണം എന്ന് വളരെ വിനീതമായി അപേക്ഷിക്കുന്നു.,എന്റെ പേരിൽ ഇപ്പോഴുള്ള ലോണുകളെല്ലാം ഈ പ്രതിസന്ധികാലത്തും സ്റ്റാൻഡേർഡായി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട് .

എന്ന്

പോൾ മാഞ്ഞൂരാൻ

9387175377

Anilkumar

Section Officer

KSIDC

Rithu KS <rithuks@ksidcmail.org>

# Fwd: FW: CMO Portal Application from Mr.Paul Manjooran -reg

1 message

**Nithesh B** <nithesh@ksidcmail.org> Fri, Jun 24, 2022 at 12:26 PM
To: Rithu KS <rithuks@ksidcmail.org>

---------- Forwarded message ---------
From: **Nithesh B** <nithesh@ksidcmail.org>
Date: Sat, Jun 4, 2022 at 2:14 PM
Subject: Fwd: FW: CMO Portal Application from Mr.Paul Manjooran -reg
To: <dicthrissur@gmail.com>

Dear Sir,

Greetings from KSIDC,

One of the conditions for eligibility for working capital loan under Covid Samashvasa Padhathi scheme is

*"New MSMEs shall submit NoC from existing bankers and the loan shall be Standard as on 31/3/2021."*

The promoter Shri. Paul Manjoooran during the discussion stage had informed us that he or his firm currently do not have any loan obligation to any financial institutions. During the processing of the loan application, it came to our notice that there are presently **overdue** in 6 accounts in his name amounting to **Rs.170.44 lakhs** and the promoter has a total loan outstanding of Rs.574.15 lakhs which was in contravention to his application received stating that he does not have any loans. The matter was communicated to him via mail expressing our inability to process his loan request.

It may be noted that it was for this reason we could not proceed with his loan application and the loan request was not turned down based on the CIBIL score as claimed by the promoter.

Regards.
Nithesh B
Manager
**KERALA STATE INDUSTRIAL DEVELOPMENT CORPORATION LTD.**

On Sat, May 28, 2022 at 6:26 PM Nithesh B <nithesh@ksidcmail.org> wrote:

---------- Forwarded message ---------
From: <prasanth@ksidcmail.org>
Date: Fri, 27 May, 2022, 5:06 pm
Subject: FW: CMO Portal Application from Mr.Paul Manjooran -reg
To: Nithesh B <nithesh@ksidcmail.org>

**From:** KSIDC . <enquiry@ksidcmail.org>
**Sent:** 26 May 2022 15:33
**To:** Prasanth R <prasanth@ksidcmail.org>
**Subject:** Fwd: CMO Portal Application from Mr.Paul Manjooran -reg

Anilkumar
Section Officer